26.09.21 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 27-03-1988

# സർവ്വ ശ്രേഷ്ഠ നക്ഷത്രം- സഫലതയുടെ നക്ഷത്രം

ഇന്ന് ജ്ഞാന സൂര്യൻ, ജ്ഞാന ചന്ദ്രൻ തന്റെ അലൗകീക നക്ഷത്ര കൂട്ടങ്ങളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഇത് അലൗകീക വിചിത്രമായ നക്ഷത്ര കൂട്ടമാണ്, ഇതിന്റെ വിശേഷത കേവലം ബാബയ്ക്കും ബ്രാഹ്മണ കുട്ടികൾക്കുമേ അറിയുകയുള്ളൂ. ഓരോ നക്ഷത്രം തന്റെ തിളക്കത്തിലൂടെ ഈ വിശ്വത്തിന് പ്രകാശം നല്കി കൊണ്ടിരിക്കുന്നു. ബാപ്ദാദ ഓരോ നക്ഷത്രത്തിന്റെയും വിശേഷത കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ചിലർ ശ്രേഷ്ഠമായ ഭാഗ്യ നക്ഷത്രമാണ്, ചിലർ ബാബയുടെ സമീപത്തുള്ള നക്ഷത്രമാണ്, ചിലർ ദൂരെയുള്ള നക്ഷത്രമാണ്. സർവ്വരും നക്ഷത്രം തന്നെയാണ് എന്നാൽ വിശേഷതകൾ വ്യത്യസ്ഥമായതിനാൽ സേവനത്തിൽ അഥവാ സ്വ പ്രാപ്തിയിൽ വ്യത്യസ്ഥമായ ഫല പ്രാപ്തി അനുഭവം ചെയ്യുന്നു. ചിലർ സദാ സഹജമായ നക്ഷത്രമാണ്, അതിനാൽ സഹജമായി പ്രാപ്തിയുടെ ഫലം അനുഭവിക്കുന്നവരായി മാറുന്നു. ചിലർ പരിശ്രമിക്കുന്ന നക്ഷത്രമാണ്, കുറച്ച് പരിശ്രമമാകട്ടെ, കൂടുതൽ പരിശ്രമമാകട്ടെ എന്നാൽ വളരെ പരിശ്രമത്തിന്റെ അനുഭവത്തിന് ശേഷം ഫലത്തിന്റെ പ്രാപ്തിയുടെ അനുഭവം ചെയ്യുന്നു. ചിലർ സദാ കർമ്മത്തിന് മുമ്പ് അധികാരത്തിന്റെ അനുഭവം ചെയ്യുന്നു- സഫലത ജന്മസിദ്ധ അധികാരമാണ് എന്ന്, അതിനാൽ നിശ്ചയവും ലഹരിയും- ഇതിലൂടെ കർമ്മം ചെയ്യുന്നത് കാരണം കർമ്മത്തിന്റെ സഫലത സഹജമായി അനുഭവിക്കുന്നു. അവരെയാണ് സഫലതയുടെ നക്ഷത്രം എന്ന് പറയുന്നത്.

ഏറ്റവും ശ്രേഷ്ഠമായത് സഫലതയുടെ നക്ഷത്രമാണ് കാരണം അവർ സദാ ജ്ഞാന സൂര്യൻ, ജ്ഞാന ചന്ദ്രന്റെ സമീപത്താണ്, അതിനാൽ ശക്തിശാലിയുമാണ്, സഫലതയുടെ അധികാരിയുമാണ്. ചിലർ ശക്തിശാലിയാണ് എന്നാൽ സദാ ശക്തിശാലിയല്ല, അതിനാൽ സദാ ഒരേപോലെയുള്ള തിളക്കമില്ല. വ്യത്യസ്ഥമായ നക്ഷത്രങ്ങളുടെ തിളക്കം വളരെ പ്രിയപ്പെട്ടതാണ്. സേവനം എല്ലാ നക്ഷ്ത്രവും ചെയ്യുന്നുണ്ട് എന്നാൽ സമീപത്തുള്ള നക്ഷത്രം മറ്റുള്ളവരെയും സൂര്യൻ, ചന്ദ്രന്റെ സമീപത്ത് കൊണ്ടു വരുന്ന സേവാധാരിയായി മാറുന്നു. അതിനാൽ ഓരോരുത്തരും സ്വയത്തോട് ചോദിക്കൂ- ഞാൻ എങ്ങനെയുള്ള നക്ഷത്രമാണ്? പ്രിയപ്പെട്ട നക്ഷത്രമാണ്, ഭാഗ്യശാലിയാണ്, സദാ ശക്തിശാലിയാണ്, പരിശ്രമം അനുഭവിക്കുന്നവരാണോ അതോ സദാ സഹജമായുള്ള സഫലതയുടെ നക്ഷത്രമാണോ? ജ്ഞാന സൂര്യനായ ബാബ സർവ്വ നക്ഷത്രങ്ങൾക്കും പരിധിയില്ലാത്ത പ്രകാശം അഥവാ ശക്തി നല്കുന്നു എന്നാൽ സമീപത്തും ദൂരെയുമായത് കാരണം വ്യത്യാസം ഉണ്ടാകുന്നു. എത്രത്തോളം സമീപ സംബന്ധമാണോ അത്രയും പ്രകാശവും ശക്തിയും വിശേഷമായിട്ടുണ്ട് കാരണം നക്ഷത്രങ്ങളുടെ ലക്ഷ്യം തന്നെ സമാനമാകുക എന്നതാണ്.

അതിനാൽ ബാപ്ദാദ സർവ്വ നക്ഷത്രങ്ങൾക്ക് സദാ ഇതേ സൂചന തന്നെ നല്കുന്നു- ലക്കിയും ലവ്‌ലിയും (ഭാഗ്യശാലിയും സ്നേഹിയും)- സർവ്വരും ഇതുപോലെയാണെങ്കിലും ഇനി മുതൽ സ്വയത്തെ നോക്കൂ- സദാ സമീപത്തിരിക്കുന്ന, സഹജമായി സഫലതയുടെ അനുഭവം ചെയ്യുന്ന സഫലതയുടെ നക്ഷത്രം എത്രത്തോളമായി? ഇപ്പോൾ വീഴുന്ന നക്ഷത്രമോ, വാലുള്ള നക്ഷത്രമോ ആയില്ലല്ലോ. അടിക്കടി സ്വയത്തോടൊ ബാബയോടൊ, നിമിത്തമായ ആത്മാക്കളോടൊ- ഇതെന്ത് കൊണ്ട്, ഇതെങ്ങനെ, ഇതെന്ത് എന്ന് ചോദിച്ചു കൊണ്ടിരിക്കുന്നവരെയാണ് വാലുള്ള നക്ഷത്രമെന്ന് പറയുന്നത്. അടിക്കടി ചോദിക്കുന്നവർ തന്നെയാണ് വാലുള്ള നക്ഷ്ത്രങ്ങൾ, അങ്ങനെയല്ലല്ലോ? സഫലതയുടെ നക്ഷത്രം, ആരുടെയാണൊ ഓരോ കർമ്മത്തിലും സഫലത അടങ്ങിയിട്ടുള്ളത്- അങ്ങനെയുള്ള നക്ഷത്രങ്ങൾ സദാ ബാബയുടെ സമീപത്ത് അർത്ഥം കൂടെ തന്നെയാണ്. വിശേഷതകൾ കേട്ടു, ഇപ്പോൾ ഈ വിശേഷതകളെ സ്വയത്തിൽ ധാരണ ചെയ്ത് സദാ സഫലതയുടെ നക്ഷത്രമാകൂ. മനസ്സിലായോ, എന്താകണം എന്ന്. ലക്കി, ലവ്‌ലിയോടൊപ്പം സഫലത- ഈ ശ്രേഷ്ഠത സദാ അനുഭവം ചെയ്തു കൊണ്ടിരിക്കൂ. ശരി.

ഇന്ന് സർവ്വരെയും മിലനം ചെയ്യണം. ബാപ്ദാദ ഇന്ന് വിശേഷിച്ചും മിലനം ചെയ്യാൻ വേണ്ടി തന്നെയാണ് വന്നിരിക്കുന്നത്. മിലനം ചെയ്യുക എന്ന ലക്ഷ്യമാണ് സർവ്വർക്കുമുള്ളത്. എന്നാൽ കുട്ടികളുടെ അലകൾ കണ്ട് ബാബയ്ക്ക് സർവ്വ കുട്ടികളെയും സന്തോഷിപ്പിക്കണം കാരണം കുട്ടികളുടെ സന്തോഷത്തിൽ ബാബയുടെയും സന്തോഷമാണ്. അതിനാൽ ഇന്നത്തെ കാലത്തെ അലയാണ് വെവ്വേറെയായി മിലനം ചെയ്യുക എന്നത്. അതിനാൽ സാഗരത്തിനും അതേ അലകളിൽ വരേണ്ടിയിരിക്കുന്നു. ഈ ജീവിതത്തിലെ അല ഇതാണ്. അതിനാൽ രഥത്തിനും വിശേഷിച്ച് സകാശ് നല്കി നടത്തിച്ചു കൊണ്ടിരിക്കുന്നു. ശരി.

നാനാ ഭാഗത്തുമുള്ള അലൗകീക നക്ഷത്ര കൂട്ടങ്ങളിലെ അലൗകീക നക്ഷത്രങ്ങൾക്ക്, സദാ വിശ്വത്തിന് പ്രകാശം നല്കി അന്ധകാരത്തെയില്ലാതാക്കുന്ന തിളങ്ങുന്ന നക്ഷത്രങ്ങൾക്ക്, സദാ ബാബയുടെ സമീപത്തിരിക്കുന്ന ശ്രേഷ്ഠമായ സഫലതയുടെ നക്ഷത്രങ്ങൾക്ക്, അനേക ആത്മാക്കളുടെ ഭാഗ്യത്തിന്റെ രേഖ പരിവർത്തനപ്പെടുത്തുന്ന ഭാഗ്യശാലി നക്ഷത്രങ്ങൾക്ക്, ജ്ഞാന സൂര്യൻ, ജ്ഞാന ചന്ദ്രനായ ബാപ്ദാദയുടെ വിശേഷ സ്നേഹ സ്മരണയും നമസ്തേ.

**വ്യക്തിപരമായ മിലനം**

1) സദാ ഓരോ ആത്മാവിനും സുഖം നല്കുന്ന സുഖദാതാവായ ബാബയുടെ കുട്ടിയാണ്- എന്ന അനുഭവം ചെയ്യുന്നുണ്ടോ? സർവ്വർക്കും സുഖം നല്കുന്നതിന്റെ വിശേഷതയില്ലേ. ഡ്രാമയനുസരിച്ച് ഈ വിശേഷതയും ലഭിച്ചിരിക്കുന്നു. ഈ വിശേഷത സർവർക്കും ഇല്ല. സർവ്വർക്കും സുഖം നല്കുന്നവർക്ക് സർവ്വരുടെയും ആശീർവാദം ലഭിക്കുന്നു. അതിനാൽ സ്വയവും സദാ സുഖത്തിന്റെ അനുഭവം ചെയ്യുന്നു. ഈ വിശേഷതയിലൂടെ വർത്തമാനവും ഭാവിയും ശ്രേഷ്ഠമായി മാറുന്നു. എത്ര നല്ല പാർട്ടാണ്-സർവ്വരുടെയും സ്നേഹവും ആശീർവാദവും ലഭിക്കുന്നു. ഇതിനെയാണ് പറയുന്നത്- ഒന്ന് നല്കുക ആയിരം നേടുക എന്ന്. സേവനത്തിലൂടെ സുഖം നല്കുന്നതിനാൽ സർവ്വരുടെയും സ്നേഹം ലഭിക്കുന്നു, ഈ വിശേഷതയെ സദാ നില നിർത്തണം.

2) സദാ സ്വയത്തെ സർവ്വശക്തിവാനായ ബാബയുടെ ശക്തിശാലി ആത്മാവാണ് എന്ന അനുഭവം ചെയ്യുന്നുണ്ടോ? ശക്തിശാലി ആത്മാവ് സദാ സ്വയവും സന്തുഷ്ടമായിരിക്കുന്നു, മറ്റുള്ളവരെയും സന്തുഷ്ടമാക്കുന്നു. അങ്ങനെയുള്ള ശക്തിശാലികളല്ലേ? സന്തുഷ്ടത തന്നെയാണ് മഹാനത. ശക്തിശാലി ആത്മാവ് അർത്ഥം സന്തുഷ്ടതയുടെ ഖജനാവിനാൽ സമ്പന്നമായ ആത്മാവ്. ഇതേ സ്മൃതിയിലൂടെ സദാ മുന്നോട്ടുയരൂ. ഇതേ ഖജനാവാൽ സർവ്വരെയും സമ്പന്നമാക്കുന്നു.

3) ബാബ മുഴുവൻ വിശ്വത്തിൽ നിന്നും നമ്മെ തിരഞ്ഞെടുത്ത് സ്വന്തമാക്കി. ഈ സന്തോഷമില്ലേ. ഇത്രയും അനവധി ആത്മാക്കളിൽ നിന്നും എന്നെ ബാബ തിരഞ്ഞെടുത്തു. ഈ സ്മൃതി എത്ര സന്തോഷം നല്കുന്നു. അതിനാൽ സദാ ഈ സന്തോഷത്തിലൂടെ മുന്നോട്ടു പോകൂ, ബാബ എന്നെ സ്വന്തമാക്കി കാരണം ഞാൻ തന്നെയായിരുന്നു കല്പം മുമ്പുള്ള ഭാഗ്യവാൻ ആത്മാവ്, ഇപ്പോഴും ആണ്, വീണ്ടും ആകും- അങ്ങനെയുള്ള ഭാഗ്യശാലി ആത്മാവാണ്. ഈ സ്മതിയിലൂടെ സദാ മുന്നോട്ടുയരൂ.

4) സദാ നിശ്ചിന്തമായി സേവനം ചെയ്യുന്നതിന്റെ ബലം മുന്നോട്ടുയർത്തി കൊണ്ടിരിക്കുന്നു. ഇവർ ചെയ്തു, ഞാൻ ചെയ്തു- ഈ സങ്കല്പത്തിൽ നിന്നും നിശ്ചിന്തമായിരിക്കുന്നതിലൂടെ നിശ്ചിത സേവനം നടക്കുന്നു, അതിന്റെ ബലം സദാ മുന്നോട്ടുയർത്തുന്നു. അതിനാൽ നിശ്ചിന്ത സേവാധാരിയല്ലേ? എണ്ണി പറയുന്ന സേവനമല്ല. ഇതിനെയാണ് നിശ്ചിന്ത സേവനം എന്നു പറയുന്നത്. നിശ്ചിന്തമായി സേവനം ചെയ്യുന്നവർക്ക് നിശ്ചിതമായി മുന്നോട്ടുയരുന്നതിൽ സഹജമായി അനുഭവമുണ്ടാകുന്നു. ഇതേ വിശേഷത വരദാനത്തിന്റെ രൂപത്തിൽ സദാ മുന്നോട്ടുയർത്തി കൊണ്ടിരിക്കും.

5) സേവനവും അനേക ആത്മാക്കളെ ബാബയുടെ സ്നേഹിയാക്കുന്നതിനുള്ള സാധനമാണ്. കാണുമ്പോൾ കർമ്മണാ സേവനമാണ് എന്നാൽ കർമ്മണാ സേവനം മുഖത്തിന്റെ സേവനത്തേക്കാൾ കൂടുതൽ ഫലം നല്കി കൊണ്ടിരിക്കുന്നു. കർമ്മണാ സേവനം മറ്റുള്ളവരുടെ മനസ്സിനെ പോലും പരിവർത്തനപ്പെടുത്തുന്ന സേവനമാണ്, അതിനാൽ ഈ സേവനത്തിന്റെ ഫലമായി വിശേഷ സന്തോഷത്തിന്റെ പ്രാപ്തിയുണ്ടാകുന്നു. കർമ്മണാ സേവനം കാണുമ്പോൾ സ്ഥൂലമായ സേവനമാണ് എന്നാൽ സൂക്ഷ്മമായ മനോഭാവനകളെ പോലും പരിവർത്തനപ്പെടുത്തുന്നു. അതിനാൽ ഇങ്ങനെയുള്ള സേവനത്തിന് നമ്മൾ നിമിത്തമാണ് എന്ന സന്തോഷത്തിൽ മുന്നോട്ടു പോകൂ. പ്രഭാഷണം ചെയ്യുന്നവർ പ്രഭാഷണം ചെയ്യുന്നു എന്നാൽ കർമ്മണാ സേവനവും പ്രഭാഷണം ചെയ്യുന്നവരുടെ സേവനത്തേക്കാൾ കൂടുതലാണ് കാരണം ഇതിന്റെ പ്രത്യക്ഷ ഫലം അനുഭവപ്പെടുന്നു.

6) സദാ പുണ്യത്തിന്റെ സമ്പാദ്യം ശേഖരിക്കുന്ന ശ്രേഷ്ഠ ആത്മാവാണ് എന്ന അനുഭവം ഉണ്ടാകുന്നുണ്ടോ? ഈ സേവനം, പേര് സേവനമെന്നാണ്, എന്നാൽ പുണ്യത്തിന്റെ സമ്പാദ്യം ശേഖരിക്കുന്നതിനുള്ള സാധനമാണ്. അതിനാൽ പുണ്യത്തിന്റെ കണക്ക് സദാ നിറഞ്ഞിരിക്കുന്നു, ഇനിയും നിറഞ്ഞിരിക്കും. എത്രത്തോളം സേവനം ചെയ്യുന്നുവൊ അത്രത്തോളം പുണ്യത്തിന്റെ കണക്ക് വർദ്ധിക്കുന്നു. അപ്പോൾ പുണ്യ

ത്തിന്റെ കണക്ക് അവിനാശിയായി. ഈ പുണ്യം അനേക ജന്മം സമ്പന്നമാക്കുന്നതാണ്. അതിനാൽ പുണ്യാത്മാവാണ്, സദാ പുണ്യാത്മാവായി മറ്റുള്ളവർക്കും പുണ്യത്തിന്റെ മാർഗ്ഗം കേൾപ്പിക്കുന്നവരാണ്. ഈ പുണ്യത്തിന്റെ സമ്പാദ്യം അനേക ജന്മം കൂടെയുണ്ടാകും, അനേക ജന്മം സമ്പന്നരായിരിക്കും- ഇതേ സന്തോഷത്തിൽ സദാ മുന്നോട്ടുയരൂ.

7) സദാ ഒരേയൊരു ബാബയുടെ ഓർമ്മയിലിരിക്കുന്ന ഏകരസ സ്ഥിതിയുടെ അനുഭവം ചെയ്യുന്ന ശ്രേഷ്ഠ ആത്മാവാണ്- ഇങ്ങനെയുള്ള അനുഭവം ചെയ്യുന്നവരാണോ? ഒരേയൊരു ബാബയുടെ ഓർമ്മയുളളിടത്ത് ഏകരസ സ്ഥിതി സ്വതവേ സഹജമായി അനുഭവപ്പെടും. അതിനാൽ ഏകരസ സ്ഥിതി ശ്രേഷ്ഠമായ സ്ഥിതിയാണ്. ഏകരസ സ്ഥിതിയുടെ അനുഭവം ചെയ്യുന്ന ശ്രേഷ്ഠ ആത്മാവാണ് എന്ന സ്മൃതി സദാ മുന്നോട്ടുയർത്തി കൊണ്ടിരിക്കും. ഈ സ്ഥിതിയിലൂടെ അനേകം ശക്തികളുടെ അനുഭവം ഉണ്ടായിക്കൊണ്ടിരിക്കും.

8) ബാപ്ദാദായുടെ വിശേഷ അലങ്കാരമല്ലേ. ഏറ്റവും ശ്രേഷ്ഠമായ അലങ്കാരമാണ് മസ്തകമണി. മണി സദാ മസ്തകത്തിൽ തിളങ്ങുന്നു. അതിനാൽ ഇങ്ങനെയുള്ള മസ്തകമണിയായി സദാ ബാബയുടെ കിരീടത്തിൽ തിളങ്ങുന്നവർ എത്ര നല്ലതായിരിക്കും. മണി സദാ തന്റെ തിളക്കത്തിലൂടെ ബാബയുടെയും അലങ്കാരമായി മാറുന്നു, മറ്റുള്ളവർക്കും പ്രകാശം നല്കുന്നു. ഇങ്ങനെയുള്ള മസ്തകമണിയായി മറ്റുള്ളവരെയും ഇതുപോലെയാക്കണം എന്ന ലക്ഷ്യം സദായുണ്ടോ?

9) സദാ ബാബയെ അനുകരിക്കുന്നതിൽ പെട്ടെന്നുള്ള ദാനം മഹാപുണ്യം എന്ന വിധിയിലൂടെ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണല്ലോ. ഈ വിധിയെ സദാ ഓരോ കാര്യത്തിൽ ഉപയോഗിക്കുന്നതിലൂടെ സദാ ബാബയ്ക്ക് സമനമായ സ്ഥിതി സ്വതവേ അനുഭവപ്പെടുന്നു. അതിനാൽ ഓരോ കാര്യത്തിലും ബാബയെ അനുകരിക്കുന്നതിലൂടെ ആദി മുതൽ അനുഭവിയായി, അതു കൊണ്ട് ഇപ്പോഴും ഈ വിധിയിലൂടെ സമാനമാകുക അതി സഹജമാണ് കാരണം ഉള്ളിൽ അടങ്ങിയിരിക്കുന്ന വിശേഷതകളെ കാര്യത്തിൽ ഉപയോഗിക്കണം. ബാബയ്ക്ക് സമാനമാകുന്നതിന്റെ വിശേഷ അലൗകീകമായ അനുഭവങ്ങൾ ചെയ്തു കൊണ്ടിരിക്കും, മറ്റുള്ളവരെ കൊണ്ടും ചെയ്യിക്കും. ഈ വിശേഷതയുടെ വരദാനം സ്വതവേ ലഭിക്കുന്നു. അതിനാൽ ഈ വരദാനത്തെ സദാ കാര്യത്തിൽ ഉപയോഗിച്ച് മുന്നോട്ടു പോകൂ.

10) സദാ പരിവർത്തന ശക്തിയെ യഥാർത്ഥ രീതിയിലൂടെ കാര്യത്തിൽ ഉപയോഗിക്കുന്ന ശ്രേഷ്ഠമായ ആത്മാവല്ലേ. ഈ പരിവർത്തന ശക്തിയിലൂടെ സർവ്വരുടെയും ആശീർവാദം നേടുന്നതിന് പാത്രമായി മാറുന്നു. ഘോര അന്ധകാരമുണ്ടാകുമ്പോൾ, ആ സമയത്ത് പ്രകാശം ആരെങ്കിലും കാണിച്ചാൽ അന്ധകാരമുള്ളവരുടെ ഹൃദയത്തിൽ നിന്നും ആശീർവാദം ലഭിക്കില്ലേ. അതേപോലെ ആരാണോ യഥാർത്ഥമായ പരിവർത്തന ശക്തിയെ കാര്യത്തിൽ ഉപയോഗിക്കുന്നത്, അവർക്ക് അനേക ആത്മാക്കളിലൂടെ ആശീർവാദം പ്രാപ്തമാകുന്നു, സർവ്വരുടെയും ആശീർവാദം ആത്മാവിനെ സഹജമായും മുന്നോട്ടുയർത്തുന്നു. അങ്ങനെ ആശീർവാദം നേടുന്നതിന്റെ കാര്യം ചെയ്യുന്ന ആത്മാവാണ്- ഇത് സദാ സ്മൃതിയിൽ വയ്ക്കൂ എങ്കിൽ എന്ത് കാര്യം ചെയ്യുമ്പോഴും അത് ആശീർവാദം ലഭിക്കുന്ന കാര്യമായി മാറും. ശ്രേഷ്ഠമായ കാര്യം ചെയ്യുമ്പോഴാണ് ആശീർവാദം ലഭിക്കുന്നത്. അതിനാൽ സദാ സ്മൃതിയിലുണ്ടായിരിക്കണം- സർവ്വരിൽ നിന്നും ആശീർവാദം നേടുന്ന ആത്മാവാണ്. ഈ സ്മൃതി ശ്രേഷ്ഠമാകുന്നതിനുള്ള സാധനമാണ്. ഈ സ്മൃതി അനേകരുടെ മംഗളത്തിന് നിമിത്തമായി മാറുന്നു. അതിനാൽ പരിവത്തന ശക്തിയിലൂടെ സർവ്വരുടെയും ആശീർവാദം നേടുന്ന ആത്മാവാണ് എന്ന ഓർമ്മയുണ്ടായിരിക്കണം. ശരി

**ഗ്ലോബൽ കോർപ്പറേഷൻ പ്രോജക്ടിന്റെ മീറ്റിംഗിന്റെ കാര്യങ്ങൾ ബാപ്ദാദായെ കേൾപ്പിച്ചു-**
ബാപ്ദാദായ്ക്ക് സന്തോഷമുണ്ട്- ഇത്രയും പേർ ചേർന്ന് പ്ലാൻ ഉണ്ടാക്കുന്നു, അതിനെ പ്രാക്ടിക്കലിൽ കൊണ്ടു വന്നു കൊണ്ടിരിക്കുന്നു, കൊണ്ടു വരും. ബാപ്ദാദായ്ക്ക് വേറെയെന്ത് വേണം! അതിനാൽ ബാപ്ദാദായ്ക്ക് ഇഷ്ടമാണ്. ബാക്കിയെന്തെങ്കിലും പ്രയാസമുണ്ടെങ്കിൽ ബാപ്ദാദായ്ക്ക് സഹജമാക്കാൻ സാധിക്കും. ബുദ്ധിയുടെ ഈ പ്രവർത്തനവും ഒരു വരദാനമാണ്. കേവലം ബാലൻസ് വച്ച് മുന്നോട്ടു പോകൂ, ബാലൻസ് ഉണ്ടെങ്കിൽ ബുദ്ധി വളരെ വേഗം തന്നെ നിർണ്ണയമെടുക്കും, 4 മണിക്കൂർ ചർച്ച ചെയ്യുന്ന കാര്യത്തിന് ഒരു മണിക്കൂർ പോലും എടുക്കില്ല. ഒരേ പോലത്തെ ചിന്ത ഉണ്ടാകും. എന്നാൽ ഇതും നല്ലതാണ്, കളിയാണ്, ചിലത് ഉണ്ടാക്കുന്നു, ചിലത് നശിപ്പിക്കുന്നു..... ഇതിൽ തന്നെ ആനന്ദം അനുഭവിക്കുന്നു. പ്ലാൻ ഉണ്ടാക്കിക്കോളൂ, പിന്നീട് അതിനെ റിഫൈനാക്കൂ. ബിസിയായിട്ടിരിക്കുന്നുണ്ട്. കേവലം

ഭാരം അനുഭവിക്കാതിരിക്കൂ, കളിയായി കാണൂ. സമയം കുറവാണ്, എത്രത്തോളം ചെയ്യാൻ സാധിക്കുന്നുവൊ അത്രയും ചെയ്യൂ. ഈ സേവനവും നടന്നു കൊണ്ടിരിക്കും. ഏതു പോലെ ഭണ്ഡാര ഒരിക്കലും കാലിയാകുന്നില്ല. ഇതും ഭണ്ഡാരയാണ്, അവിനാശിയാണ്. ഏതെങ്കിലും കാര്യത്തിൽ താമസമുണ്ടാകുന്നുവെങ്കിൽ, അത് കൂടുതൽ നന്നായി നടക്കാനായിരിക്കാം, അതിനാലാണ് താമസമാകുന്നത്. ബാക്കി പരിശ്രമിച്ചു കൊണ്ടിരിക്കുന്നു, ആലസ്യമില്ല അതിനാൽ ബാപ്ദാദ പരാതിയൊന്നും പറയുന്നില്ല. ശരി.

**വരദാനം– സദാ ഏകരസ സമ്പന്ന അവസ്ഥയിലിരിക്കുന്ന പുരുഷാർത്ഥിയും പ്രാപ്തി സ്വരൂപരായും ഭവിക്കട്ടെ.**

ബാപ്ദാദ വതനത്തിൽ നിന്നും കാണുന്നുണ്ട്– ചില കുട്ടികളുടെ അവസ്ഥ വളരെ പെട്ടെന്ന് മാറുന്നു, ഇടയ്ക്ക് ആശ്ചര്യത്തിന്റെ മൂഡ്, ഇടയ്ക്ക് ചോദ്യ ചിഹ്നത്തിന്റെ മൂഡ്, ഇടയ്ക്ക് സംശയത്തിന്റെ മൂഡ്, ഇടയ്ക്ക് ടെൻഷന്റെ മൂഡ്, ഇടയ്ക്ക് അറ്റൻഷന്റെ മൂഡ്...... എന്നാൽ സംഗമയുഗം പ്രാപ്തിയുടെ യുഗമാണ് അല്ലാതെ പുരുഷാർത്ഥിയല്ല അതിനാൽ എന്താണൊ ബാബയുടെ ഗുണം അത് തന്നെയാണ് കുട്ടികളുടേതും, ബാബയുടെ സ്ഥിതി തന്നെ കുട്ടികളുടേതും– ഇത് തന്നെയാണ് സംഗമയുഗത്തിന്റെ പ്രാപ്തി. അതിനാൽ സദാ ഏകരസം, ഒരേയൊരു സമ്പന്നമായ മൂഡിലിരിക്കൂ എങ്കിൽ പറയാം ബാബയ്ക്ക് സമാനം അർത്ഥം പ്രാപ്തി സ്വരൂപരായവർ.

**സ്ലോഗൻ– ബാപ്ദാദായുടെ കൈകളിൽ ബുദ്ധിയാകുന്ന കൈകളർപ്പിക്കൂ എങ്കിൽ പരീക്ഷണങ്ങളാകുന്ന സാഗരത്തിൽ കുലുങ്ങുകയില്ല.**